# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 494

30/06/2016-ലെ മറുപടിയ്ക്ക്.

**പ്രീമെട്രിക് ഹോസ്റ്റലുകളിൽ നൈറ്റ് വാച്ചർ**

| **ചോദ്യം**<br>**ശ്രീ. കെ.ഡി. പ്രസേനൻ** | | **ഉത്തരം**<br>**ശ്രീ.എ.കെ. ബാലൻ**<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പുരുഷന്മാരാണ് ഇപ്പോൾ നൈറ്റ് വാച്ചർമാരായി സേവനമനുഷ്ഠിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ | ചുരുക്കം ചില സ്ഥലങ്ങളിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, മലപ്പുറം, എന്നീ ജില്ലകളിലെ എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും, ഇടുക്കി ജില്ലയിലെ രണ്ട് പ്രീ-മെട്രിക്(പെൺ) ഹോസ്റ്റലുകളിലും, കോഴിക്കോട് ജില്ലയിൽ ഒരു പ്രീ-മെട്രിക് (പെൺ) ഹോസ്റ്റലിലും വനിതാ നൈറ്റ് വാച്ചർമാരാണ് സേവനമനുഷ്ഠിക്കുന്നത്. |
| (ബി) | എങ്കിൽ ഇത്തരം ഹോസ്റ്റലുകളിൽ വനിതകളെ നൈറ്റ് വാച്ചറായി നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (ബി) | നിയമനം നൽകുന്നതിന് സ്പെഷ്യൽ റൂൾ അനുവദിക്കുന്നതിനാൽ നിയമ തടസ്സമില്ല. നിലവിൽ പി.എസ്. സി. മുഖേന ലാസ്റ്റ് ഗ്രേഡ് (വാച്ച്മാൻ) ലിസ്റ്റിൽ നിന്നുമാണ് വാച്ച്മാൻ തസ്തികയിലേക്ക് ആളെ നിയമിക്കുന്നത്. അഡ്വൈസ് ചെയ്യപ്പെടുന്ന വനിതകൾ ജോലിയിൽ പ്രവേശിക്കാതെ വരുമ്പോൾ മാത്രമാണ് പുരുഷവാച്ചറെ ടി തസ്തികയിൽ നിയമിക്കേണ്ടതായി വരുന്നത് . |
| (സി) | പ്രസ്തുത ഹോസ്റ്റലുകളിൽ വനിതകളെ നൈറ്റ് വാച്ചറായി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | നിലവിൽ വനിതകൾക്കും നിയമനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ